പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.971** — 05/03/2018 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## സ്കൂൾ കുട്ടികൾക്കുള്ള അപകട ഇൻഷ്വറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എം.കെ.മുനീർ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്ക് അപകടമരണം സംഭവിച്ചാൽ അപകട ഇൻഷ്വറൻസ് പദ്ധതിപ്രകാരം ലഭിക്കുന്ന ഇൻഷ്വറൻസ് ആനുകൂല്യം 2011-16 വർഷത്തിൽ മരണപ്പെട്ട കുട്ടികളുടെ രക്ഷകർത്താക്കൾക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) ഇത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സ്കൂൾ അധികൃതർക്ക് ലഭ്യമാക്കുമോ;<br><br>(സി) അടുത്തകാലത്ത് പൊന്നാനിപ്പുഴയിലെ അപകടത്തിലും, നേരത്തേ, വിയ്യാവൂർ എസ്.എച്ച്.എസ്.എസിലെ കുട്ടികൾ ഉൾപ്പെട്ട തോണി അപകടത്തിലും മരണപ്പെട്ട കുട്ടികളുടെ പോസ്റ്റുമോർട്ടം കളക്ടർമാർ ഇടപെട്ട് ഒഴിവാക്കിയതിനാൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഇല്ലാത്ത സാഹചര്യത്തിൽ ഇൻഷ്വറൻസ് തുക നൽകുന്നതിന് ഇൻഷ്വറൻസ് കമ്പനി തയ്യാറാകുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) (ബി) (സി) യും യും യും സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ടാണ് നടത്തി വരുന്നത്. എന്നാൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കുവാൻ 2013 ൽ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ പലവിധ കാരണങ്ങളാൽ പ്രസ്തുത സ്കീം ഇൻഷ്വറൻസ് വകുപ്പിനെ ഏൽപ്പിക്കുന്നത് നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ 2013 മുതൽ ക്ലെയിം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാനും സാധിച്ചിരുന്നില്ല. തുടർന്ന് ജി.ഒ (എം എസ്) നം.163/2016/പൊവിവ, തീയതി 30.09.2016 പ്രകാരം പ്രസ്തുത സ്കീം പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് നടത്തുവാൻ സർക്കാർ ഉത്തരവായിരുന്നു. 30.09.2016 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ തുടർ നടപടികൾ സ്വീകരിക്കുകയും അർഹതപ്പെട്ടവർക്ക് ക്ലെയിം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കുട്ടികളുടെ അപകടം, മരണം എന്നിവ സംഭവിച്ചതു പ്രകാരമുള്ള ക്ലെയിമുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. രക്ഷകർത്താവിന്റെ മരണം സംഭവിക്കുന്നതുമൂലമുള്ള ക്ലെയിമുകൾ ഒന്നുംതന്നെ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. പ്രസ്തുത പദ്ധതി |

സർക്കാർ പുതുതായി ആരംഭിച്ചതാണ്. ആയതിനാൽ സ്കീമിന്റെ നടത്തിപ്പ് സംബന്ധിച്ചും, അർഹതപ്പെട്ടവരെ തീരുമാനിക്കുന്നത് സംബന്ധിച്ചും കൂടുതൽ വ്യക്തത വരുത്തി ക്ലെയിമുകൾ നല്കുന്നതാണ്.

ഇൻഷ്വറൻസ് ക്ലെയിമിന്റെ അപേക്ഷകൾ സ്കൂളുകളിൽ സ്വീകരിക്കുന്നതു സംബന്ധിച്ചും, വിദ്യാഭ്യാസ ഉപഡയറക്ടർമാർ തീർപ്പാക്കുന്നതു സംബന്ധിച്ചും വിശദമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്കെല്ലാം ഇതിനകം നൽകിയിട്ടുണ്ട്. കുടിശ്ശികയുള്ള ക്ലെയിമുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള സമയബന്ധിതമായ നടപടികൾ സ്വീകരിച്ചു വരുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് പ്രസ്തുത സ്കീം നടത്തി വരുന്നതിനാൽ ഗുണഭോക്താക്കൾക്ക് ഇൻഷ്വറൻസ് കമ്പനികളെ സമീപിക്കേണ്ട സാഹചര്യം നിലവിലില്ല. ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നതായുള്ള പരാതി നാളിതുവരെ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ